LIBRARY ARCHIVES Kerala Legislative Assembly

കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക

42 (1766) ശ്രീ. ടി. ജെ. വിനോദ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി മസാല ബോണ്ടിലൂടെ സമാഹരിച്ച തുക ഏതെങ്കിലും ന്യൂ ജനറേഷൻ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പലിശ നിരക്ക് എത്രയാണ്; മസാല ബോണ്ട് വഴി സമാഹരിച്ച തുകയ്ക്ക് നൽകേണ്ട പലിശ എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ?

കിഫ്ബിയിലെ നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നത് കിഫ്ബിയിൽ നിലവിലുള്ള ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് പോളിസി പ്രകാരമാണ്. കിഫ്ബിയുടെ നീക്കിയിരുപ്പുതുക ഫലപ്രദമായി നിക്ഷേപിക്കുന്നതിലേയ്ക്ക് മാർഗ്ഗനിർദ്ദേശം നൽകുന്നതിലേയ്ക്കായി ഇൻവെസ്റ്റ്മെൻറ് മാനേജ്മെൻറ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പോളിസി പ്രകാരം നിക്ഷേപങ്ങൾ കൈകാര്യം ചെയ്യുന്നതിനും അതിന്മേൽ ഉപദേശം നൽകുന്നതും നിക്ഷേപങ്ങളുടെയും നിക്ഷേപ സ്ഥാപനങ്ങളുടെയും സമയബന്ധിതമായ വിശകലനം നടത്തുന്നതും ഇൻവെസ്റ്റ്മെന്റ് മാനേജ്മെന്റ് കമ്മിറ്റിയാണ്. പദ്ധതി ചെലവുകൾക്കായി പ്രതീക്ഷിക്കുന്ന തുകയ്ക്ക് ഉപരിയായുള്ള മിച്ച പണമാണ് സുരക്ഷിതത്വവും, മികച്ച വരുമാനവും ഉറപ്പുവരുത്തി വിവിധ നിക്ഷേപങ്ങളാക്കി മാറ്റുന്നത്. കിഫ്ബിയുടെ മസാല ബോണ്ട് ഉൾപ്പെടെ സമാഹരിച്ച എല്ലാ ഫണ്ടുകളും ഈ പോളിസി പ്രകാരമാണ് നിക്ഷേപിക്കുന്നത്. പോളിസി പ്രകാരം മസാല ബോണ്ടിൽ നിന്നും ലഭിച്ച തുക SBI, യൂണിയൻ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, വിജയ ബാങ്ക് എന്നിങ്ങനെ വിവിധ പൊതുമേഖല ബാങ്കുകളിലും, HDFC, ആക്സിസ്, ICICI, കൊടാക് മഹിന്ദ്ര എന്നിങ്ങനെയുള്ള സ്വകാര്യ ബാങ്കുകളിലും ട്രഷറി ബില്ലുകളിലും നിക്ഷേപിച്ചിട്ടുണ്ടായിരുന്നു. ബാങ്കുകളിലെ നിക്ഷേപം സുതാര്യമായ ക്വട്ടേഷൻ നടപടിക്രമത്തിലൂടെയാണ് നടത്തിയത്. സ്വകാര്യബാങ്കുകളിൽനിന്ന് ലഭിച്ച ഏറ്റവും ഉയർന്ന പലിശ 7.9%മാണ്. മസാല ബോണ്ട് വഴി 2150 കോടി രൂപയാണ് കിഫ്ബി സമാഹരിച്ചത്. 9.723%-മാണ് ഈ ബോണ്ടുകളുടെ കൂപ്പൺ റേറ്റ്. നിലവിൽ മസാല ബോണ്ടു വഴി സമാഹരിച്ച തുക മുഴുവൻ പദ്ധതികൾക്കായി ചെലവഴിച്ചിട്ടുണ്ട്.

കല്ലുരിക്കടവ് പാലം

43 (T*1767) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലുരിക്കടവ് പാലം നിർമ്മാണത്തിന് സാമ്പത്തികാനുമതി നൽകുന്നതിന് കിഫ്ബി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

കിഫ്ബി പദ്ധതികൾ എസ്.പി.വി-കൾ സമർപ്പിക്കുന്നമുറയ്ക്ക് അവലോകനം നടത്തിയാണ് ധനാനുമതി നൽകുന്നത്. കണ്ണൂർ ജില്ലയിലെ പാപ്പിനിശ്ശേരി - നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലരിക്കടവ് പാലം നിർമ്മാണ പദ്ധതി 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ടി പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ട് (DPR) കിഫ്ബിയിൽ ലഭ്യമായിട്ടില്ല.

പയ്യന്നൂർ മണ്ഡലത്തിലെ സ്കൂളുകൾക്ക് കിഫ്ബി ഫണ്ട്

44 (1768) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; അതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽനിന്നും ധനാനുമതി നൽകിയ പദ്ധതികളുടെ നിലവിലെ അവസ്ഥ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഓരോന്നിന്റെയും എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി രൂപതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കളുടെ വിവരം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.*

ദേവികുളം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

45 (1769) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ കിഫ്ബി ഫണ്ട് മുഖേന അനുവദിച്ച പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിൽ 2016-2021 കാലഘട്ടത്തിൽ കിഫ്ബി ധനാനുമതി നൽകിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) പദ്ധതികളുടെ നിർവ്വഹണ ഏജൻസിയുടെ പേര് ലഭ്യമാക്കാമോ?

പദ്ധതികളുടെ നിർവ്വഹണ ഏജൻസിയുടെ പേര് അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly